# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ - *595 | 28.07.2015- ലെ മറുപടിക്ക്

## പരിപ്രേക്ഷ്യം 2030

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.നാരായണൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ബി.സത്യൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസുത്രണവും സാംസ്കാരികവുംനോർക്കയും വകുപ്പുമന്ത്രി) |
| (എ) സർക്കാരിന്റെ വികസന പരിപ്രേക്ഷ്യത്തിൽ കാർഷിക മേഖലയ്ക്ക് പ്രതിവർഷം ലക്ഷ്യമിടുന്ന വളർച്ച എത്ര ശതമാനമാണ്; | (എ) സർക്കാരിന്റെ വികസന പരിപ്രേക്ഷ്യത്തിൽ കാർഷിക മേഖലയിൽ പ്രതിവർഷം കുറഞ്ഞത് രണ്ട് ശതമാനം വളർച്ചയാണ് ലക്ഷ്യമിടുന്നത്. |
| (ബി) ഇത് ദേശീയ ശരാശരിയേക്കാളും കുറവാണോ; | (ബി) അതെ |
| (സി) ഇത് കാർഷിക മേഖലയോടുള്ള അവഗണനയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) കുറച്ച് കാലമായി കേരള കാർഷിക മേഖലയുടെ വളർച്ചാനിരക്ക് പരിഗണനാർഹമല്ലാത്തതോ അല്ലെങ്കിൽ നെഗറ്റീവോ ആണ്. പ്രസ്തുത അവസ്ഥയിൽനിന്നും കുറഞ്ഞത് രണ്ട് ശതമാനമെന്ന വളർച്ചാനിരക്കിൽ എത്തിക്കുവാൻവേണ്ടി കാർഷിക മേഖലയ്ക്ക് മുന്തിയ പരിഗണനയാണ് നല്കിയിട്ടുള്ളത്. |
| (ഡി) കാതലായ കാർഷിക പ്രശ്നങ്ങളെ പരിപ്രേക്ഷ്യം 2030 അവഗണിക്കാനിടയായ | (ഡി) കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള ദീർഘകാല ആസൂത്രണത്തിനും പരിപാടിയ്ക്കുമാണ് |

| | |
|---|---|
| സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ? | പരിപ്രേക്ഷ്യ പദ്ധതി 2030 ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ കാർഷിക രംഗത്തെ കാതലായ മുഴുവൻ പ്രശ്നങ്ങളും അവസ്ഥാവിശകലനത്തിലൂടെ വിശദീകരിക്കുകയും അവയ്ക്കൊക്കെ തന്നെ കാലാനുസൃതമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയുമാണ് ചെയ്തിരിക്കുന്നത്. വിവിധ കാർഷികോല്പന്നങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി പരമ്പരാഗത രീതികളിൽനിന്നും ഹൈടെക് സമ്പ്രദായത്തിലേക്ക് കാർഷികവൃത്തി കുതിച്ചുചാടേണ്ട രീതിയും മാർഗ്ഗവും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.